**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 245** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | **സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിനായി സയൻസ് ലാബ് നവീകരണം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 20 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും സയൻസ് ലാബ് നവീകരിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.**<br><br>**കൂടാതെ, സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങളുടെ പ്രായോഗിക പഠനത്തിനായി സ്റ്റീം ഇക്കോസിസ്റ്റം, ശാസ്ത്രപാർക്കുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.** |
| (ബി) | വിദ്യാർത്ഥികളുടെ സാഹിത്യ കഴിവുകൾ വളർത്താൻ ബഡിങ് റൈറ്റേഴ്സ് പ്രോഗ്രാം പോലുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോയന്ന് വിശദമാക്കാമോ; | (ബി) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി 6 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് തങ്ങളുടെ സർഗാത്മക കഴിവുകൾ ഉപയോഗപ്പെടുത്തി കഥ, കവിത, ലേഖനങ്ങൾ എന്നിവ രചിക്കുവാനുള്ള അവസരം നൽകുന്ന ബഡ്ഡിങ് റൈറ്റേഴ്സ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. അതോടൊപ്പം, കുട്ടികളുടെ സാഹിത്യസൃഷ്ടികൾ എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും, കുട്ടികൾക്കും നൽകുന്ന എഴുത്തുപച്ച പദ്ധതി, കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ഒറ്റപ്പെട്ടുപോയ സ്കൂൾ കുട്ടികളെ ചേർത്തു പിടിക്കാനും ഒറ്റപ്പെടലിനെ സാധ്യതകളാക്കി മാറ്റാനും നടപ്പിലാക്കിയ അക്ഷരവൃക്ഷം പദ്ധതി എന്നിവയും വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | സാഹിത്യകഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.<br><br>**കുട്ടികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന് സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ (SIET) ആഭിമുഖ്യത്തിൽ 'അക്ഷരക്കൂട്ട്' എന്ന പരിപാടി സംഘടിപ്പിച്ചു. സംസ്ഥാനത്തിൻറെ വിവിധ ജില്ലകളിൽ നിന്നായി 120 എഴുത്തു പ്രതിഭകൾ പങ്കെടുത്തു. എല്ലാ വർഷവും കുട്ടികൾക്കായി ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നു. കുട്ടികളുടെ മികച്ച രചനകൾ SCERT യുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കും.** |
| (സി) | വിദ്യാർത്ഥികളുടെ അടിസ്ഥാന വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷൻ പോലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | വിദ്യാർത്ഥികളുടെ അടിസ്ഥാന ഭാഷാ-ഗണിത ശേഷികൾ മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷന്റെ ഭാഗമായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വർണ്ണക്കൂടാരം (പ്രവർത്തനങ്ങളോട് കൂടിയ പ്രീ-പ്രൈമറി സ്കൂൾ)<br><br>പ്രീ-പ്രൈമറി സ്കൂളുകളിൽ സാങ്കേതിക വിദ്യാ സൗകര്യങ്ങൾ<br><br>നിപുൺ ക്ലാസ് റൂം<br><br>ഹലോ ഇംഗ്ലീഷ്<br><br>സചിത്ര പുസ്തകം (പിക്ചർ ഡയറി)<br><br>സംയുക്ത ഡയറി<br><br>സർഗാത്മക ഡയറി<br><br>ഗണിതക്കിറ്റ്<br><br>ഗണിതവിജയം<br><br>ഗണിതപാർക്ക്<br><br>ഉല്ലാസ ഗണിതം<br><br>വായനാവസന്തം<br><br>വായനച്ചങ്ങാത്തം |

| | | | |
|---|---|---|---|
| | | | കുഞ്ഞുവായന<br><br>ക്ലാസ് ലൈബ്രറി<br><br>ശാസ്ത്ര കൗതുകം<br><br>വായനക്കാർഡുകൾ |
| (ഡി) | വിദ്യാർത്ഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലും കഴിവുകൾ വർദ്ധിപ്പിക്കാൻ പ്രത്യേക പഠനപരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | വിദ്യാർത്ഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലുമുള്ള കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന വിവിധ പഠനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>മലയാളത്തിളക്കം<br><br>ഹലോ ഇംഗ്ലീഷ്<br><br>സചിത്രപുസ്തകം (പിക്ചർ ഡയറി)<br><br>സംയുക്ത ഡയറി<br><br>സർഗാത്മക ഡയറി<br><br>ഗണിതക്കിറ്റ്<br><br>ഗണിതവിജയം<br><br>ഗണിതപാർക്ക്<br><br>ഉല്ലാസ ഗണിതം<br><br>വായനാവസന്തം<br><br>വായനച്ചങ്ങാത്തം<br><br>കുഞ്ഞുവായന<br><br>ക്ലാസ് ലൈബ്രറി<br><br>ശാസ്ത്ര കൗതുകം<br><br>വായനക്കാർഡുകൾ<br><br>മഞ്ചാടി |
| (ഇ) | കാലാവസ്ഥാ ബോധവൽക്കരണത്തിനായി മൺസൂണും കുട്ടികളും പരിപാടി സ്കൂൾ തലത്തിൽ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ഭൂമിശാസ്ത്ര പഠനത്തിന്റെ ഭാഗമായി കാലാവസ്ഥ ബോധവൽക്കരണത്തിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 248 സ്കൂളുകളിൽ സ്കൂൾ വെതർ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മൺസൂണും കുട്ടികളും എന്ന പരിപാടിയും, വെതർസ്റ്റേഷൻ ഉള്ള സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത കുട്ടികളെയും, ജ്യോഗ്രഫി അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന |

| | | | |
|---|---|---|---|
| | | | ശില്പശാലയും സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ തുടർച്ച യായി വെതർ കോൺക്ലേവ് നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ